# കേരള സർവകലാശാല

നം.പി.ആർ.264/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടാഗോർ നികേതൻ – പുസ്തകശേഖരണം

സർവ്വകലാശാല ലൈബ്രറിയിൽ 'ടാഗോർ നികേതൻ' എന്ന പേരിൽ പുതുതായി ഒരു റഫറൻസ് ശേഖരം ആരംഭിക്കാൻ സർവ്വകലാശാല തീരുമാനിച്ചിരിക്കുന്നു. മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ കൃതികൾ, ചിത്രങ്ങൾ, വിവർത്തനങ്ങൾ, പഠനങ്ങൾ,ലേഖനങ്ങൾ എന്നിവ ഗവേഷണാടിസ്ഥാനത്തിൽ പഠനവിധേയമാക്കുന്നതിനും ടാഗോർ കൃതികൾ പ്രചരിപ്പിക്കുന്നതിനുമുള്ള കേന്ദ്രമെന്ന നിലയിലാണ് ടാഗോറിന്റെ കേരള സന്ദർശനത്തിന്റെ 100 ാം വാർഷികം ആഘോഷിക്കുന്ന ഈ വർഷം ഇത്തരമൊരു റഫറൻസ് വിഭാഗം ആരംഭിക്കുന്നത്.

ഈ സംരംഭം സാധ്യമാക്കുന്നതിനായി ടാഗോർ കൃതികൾ, പഠനങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, വിവർത്തനങ്ങൾ, പഴയകാല ഫോട്ടോകൾ, കത്തുകൾ എന്നിവ കൈവശമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവർക്ക് ഈ സംരംഭത്തിൽ ഭാഗഭാക്കാകാവുന്നതാണ്. മേൽപ്പറഞ്ഞ രേഖകൾ 'ടാഗോർ നികേതനു' വേണ്ടി സംഭാവനയായി കൈമാറാൻ തയ്യാറുള്ളവർ യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഇൻ-ചാർജ്, കേരള സർവകലാശാല ലൈബ്രറി, തിരുവനന്തപുരം – 34 എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 0471 – 2308844, 9447495078

**(പ്രത്യേക പരിഗണന നൽകി പ്രസിദ്ധീകരിക്കണമെന്ന് താല്പര്യപ്പെടുന്നു)**

### ടൈംടേബിൾ

ഡിസംബർ 31 മുതൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (റെഗുലർ 2018 അഡ്മിഷൻ & ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2017 അഡ്മിഷൻ – വിദൂരവിദ്യാഭ്യാസ വിഭാഗം) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം 2020 ജനുവരി 13 മുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (2017 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## തീയതി നീട്ടി

2019 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ (ഡിസംബർ 2018 സെഷൻ) ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (2013 അഡ്മിഷന് മുൻപ്) (2012 അഡ്മിഷൻ – സപ്ലിമെന്ററി, 2010 & 2011 അഡ്മിഷൻ മേഴ്സിചാൻസ്) പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള തീയതി ഡിസംബർ 21 വരെ നീട്ടിയിരിക്കുന്നു.

## സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ വിഭാഗം ഒന്നാം സെമസ്റ്റർ എം.കോം (2019 അഡ്മിഷൻ) സമ്പർക്ക ക്ലാസുകൾ കാര്യവട്ടം, കൊല്ലം കേന്ദ്രങ്ങളിൽ ഡിസംബർ 14 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ www.ideku.net എന്ന വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാതീയതി

2019 ഡിസംബർ 11 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളും അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.എസ്.ഡബ്ല്യൂ/ബി.വോക്/ബി.എം.എസ് ഡിഗ്രി പരീക്ഷകളുടേയും പുതുക്കിയ പരീക്ഷാ തീയതികൾ സർവകലാശാല വെബ്സൈറ്റിൽ.

2020 ജനുവരി 3 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എസ്.സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ BH 1531 – Financial Management (2014 – 2016 അഡ്മിഷനുകൾ) എന്ന വിഷയം 2020 ജനുവരി 9 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല. പരീക്ഷാസമയം ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ

2019 ഡിസംബർ 30 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടേയും അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.എം.എസ്/ബി.എസ്.ഡബ്ല്യൂ/ബി.വോക് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടേയും ഓപ്പൺ കോഴ്സ് വിഷയങ്ങൾ 2020 ജനുവരി 3 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല. പരീക്ഷാസമയം ഉച്ചയ്ക്ക് 2 മുതൽ 5 വരെ.

## ക്ലാസ് ആരംഭിക്കും

സി.ബി.സി.എസ്/കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് കോഴ്സുകളുടെ ആറാം സെമസ്റ്റർ ക്ലാസുകൾ ഡിസംബർ 30 ന് ആരംഭിക്കുന്നതാണ്.

## പരീക്ഷാഫീസ്

2020 ജനുവരി 14 ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.എ.എം.എസ് (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ഡിസംബർ 17 വരെയും 150 രൂപ പിഴയോടെ ഡിസംബർ 20 വരെയും 400 രൂപ പിഴയോടെ ഡിസംബർ 23 വരെയും അപേക്ഷിക്കാം.

## അന്തർദേശീയ അറബി കോൺഫറൻസ്

സർവ്വകലാശാല അറബി വിഭാഗം സംഘടിപ്പിക്കുന്ന അന്തർദേശീയ അറബി കോൺഫറൻസ് ഡിസംബർ 16 ന് ആരംഭിക്കും. 'അറബി മാതൃഭാഷ അല്ലാത്തവർക്ക് അറബി ഭാഷ പഠിപ്പിക്കൽ: അനുഭവങ്ങളും ഭാവി കാഴ്ചപ്പാടും' എന്ന വിഷയത്തിൽ സംഘടിപ്പിച്ചിരിക്കുന്ന കോൺഫറൻസ് പാളയം സെനറ്റ് ചേംബറിൽ രാവിലെ 10 ന് സൗദി കൾച്ചറൽ അറ്റാഷെ ഡോ. അബ്ദുല്ല സാലിഹ് അൽ ശതവി ഉത്ഘാടനം ചെയ്യും. സർവകലാശാല പ്രോ - വൈസ് ചാൻസലർ പ്രോ.അജയകുമാർ മുഖ്യാതിഥി ആയിരിക്കും. വിവിധ സെഷനുകളിലായി 25 അക്കാദമിക പ്രബന്ധങ്ങളും അക്കാദമിക ചർച്ചകളും ഉണ്ടായിരിക്കും. ഡോ.മുഹമ്മദ് ബഷീർ, ഡോ.നിസാറുദീൻ, ഡോ.എസ് നസീബ്, അഡ്വ.കെ.എച്ച്. ബാബുജാൻ, ഡോ.മൊയ്ദീൻ കുട്ടി തുടങ്ങിയവർ വിവിധ സെഷനുകളിലായി പങ്കെടുക്കും.

തിരുവനന്തപുരം,
12.12.2019

പബ്ലിക് റിലേഷൻസ് ഓഫീസർ